പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3279 — 14/03/2018-ൽ മറുപടിക്ക്

## ജീവിത ശൈലിരോഗങ്ങളെ ചെറുക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | ജീവിത ശൈലിരോഗങ്ങൾ നേരത്തെ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനും, രോഗബാധയെക്കുറിച്ചും പ്രതിരോധത്തെ സംബന്ധിച്ചുമുള്ള അവബോധം ജനങ്ങളിൽ എത്തിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ജീവിത ശൈലിരോഗങ്ങളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതിയാണ് അമൃതം ആരോഗ്യം. ജീവിതശൈലി രോഗങ്ങളിലേയ്ക്ക് നയിക്കുന്ന അനാരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമം ഇല്ലായ്മ, ലഹരിയോടുള്ള ആസക്തി എന്നീ വിഷയങ്ങളെ കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്, രോഗം കണ്ടെത്തുന്നവർക്ക് സൗജന്യ ചികിത്സയും മരുന്നും എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലിരോഗ നിർണ്ണയ ക്ലിനിക്കുകൾ സജ്ജീകരിക്കുകയും മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാ ജനങ്ങളെയും സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്യുന്നു. ഇതിനു പുറമേ സ്കൂളുകൾ, തൊഴിലിടങ്ങൾ കേന്ദ്രീകരിച്ചുള്ള ആരോഗ്യ ബോധവൽക്കരണം, എസ്വചിത്രങ്ങൾ, എക്സിബിഷനുകൾ ലഘുലേഖകൾ, ടെലിവിഷൻ പരസ്യങ്ങൾ എന്നിവ ജീവിത ശൈലിരോഗത്തിന്റെ ബോധവൽക്കരണത്തിനായി നടത്തിവരുന്നു. |
| ബി) | വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ജീവിതശൈലി രോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ? | ബി) | സാമൂഹികാരോഗ്യ കേന്ദ്രം, മാലിപ്പുറം<br>പ്രാഥമികാരോഗ്യ കേന്ദ്രം, നായരമ്പലം<br>പ്രാഥമികാരോഗ്യ കേന്ദ്രം, മുളവുകാട്<br>പ്രാഥമികാരോഗ്യ കേന്ദ്രം, പുതുവൈപ്പ്<br>പ്രാഥമികാരോഗ്യ കേന്ദ്രം, വല്ലാർപാടം<br>പ്രാഥമികാരോഗ്യ കേന്ദ്രം, അയ്യമ്പിള്ളി<br>പ്രാഥമികാരോഗ്യ കേന്ദ്രം, മുനമ്പം<br>പ്രാഥമികാരോഗ്യ കേന്ദ്രം, എടവനക്കാട്<br>താലൂക്ക് ആശുപത്രി, ഞാറയ്ക്കൽ |

സെക്ഷൻ ഓഫീസർ